# സാമുദായിക സംഘർഷത്തിന്റെ വിത്തുകൾ

**ആറേഴു** മതങ്ങളിലും ആയിരത്തിലേറെ ജാതികളിലുമായി നൂറുകോടിയിലേറെ ജനങ്ങളുള്ള ഇന്ത്യയിൽ മത-ജാത്യാന്തര വിവാഹം ഒരത്ഭുതമല്ല. പണ്ടേ ഇടക്കും തലക്കുമൊക്കെ അതു നടന്നുവന്നിട്ടുണ്ട്. ഇന്ന് രാജ്യത്തെ മിക്ക രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കളിലും അവരുടെ കുടുംബങ്ങളിലും മിശ്രവിവാഹിതരെ കാണാം. വ്യക്തിസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട കാര്യമായതിനാൽ ജനാധിപത്യ സർക്കാർ അതു വിലക്കുന്ന പ്രശ്നമില്ല. ജാതി-സമുദായ ഉച്ചനീചത്വങ്ങളും വിവേചനങ്ങളും മാഞ്ഞുപോകാൻ സഹായകമാകുന്ന നടപടിയെന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്നുണ്ടുതാനും. ഇസ്‌ലാം മതാന്തര വിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നില്ല. എങ്കിലും മിശ്രവിവാഹത്തിലേർപ്പെടുന്നവരിൽ മുസ്‌ലിംകളും കുറവല്ല. മതാഭിമുഖ്യം കൂടുതലുള്ള കേരളത്തിൽപോലും അതുണ്ടാകാറുണ്ട്. അനഭിമതമെങ്കിലും അങ്ങനെ ചെയ്യുന്നവരുടെ സ്വാതന്ത്ര്യം എന്ന നിലയിലേ സമുദായം അതിനെ കാണാറുള്ളൂ.

മിശ്രവിവാഹത്തെ അനുവദനീയമായി കരുതുന്നവരല്ല മറ്റു ജാതി-മത വിഭാഗങ്ങളും. മിക്ക കേസുകളിലും ആൺകുടുംബത്തിന്റെയും പെൺകുടുംബത്തിന്റെയും സമ്മതമില്ലാതെയാണ് അതു നടക്കുന്നത്. മിശ്രവിവാഹം കുടുംബത്തിന്റെ ഭദ്രതയും മഹിമയും തകർക്കുമെന്ന് കരുതുന്ന വീട്ടുകാർ അതു തടയാൻ പരമാവധി ശ്രമിക്കുക സ്വാഭാവികമാണ്. അതുകൊണ്ട് മിശ്രവിവാഹിതരാകാനുറച്ച പുരുഷനും സ്ത്രീയും അവരവരുടെ വീടുകളിൽനിന്ന് ഓടിപ്പോവുകയാണ് പതിവ്. ഇതിലപ്പുറം മത-രാഷ്ട്രീയ സംഘടനകളുടെ ഇടപെടൽ ആവശ്യപ്പെടുന്ന പ്രശ്നങ്ങളൊന്നും ഈ വിഷയത്തിലില്ല. എന്നാൽ സാമൂഹികാന്തരീക്ഷം വർഗീയ സംഘർഷം കൊണ്ട് കലുഷമാക്കാനും അതുവഴി, വിഷലിപ്തമായ സ്വന്തം ആശയങ്ങൾകൊണ്ട് ഭൂരിപക്ഷ വിഭാഗത്തിന്റെ മനസ്സ് മലീമസമാക്കി അധികാരത്തിലേക്ക് എളുപ്പവഴി വെട്ടാനും തക്കം പാർത്തിരിക്കുന്നവർക്ക് കൈയിൽ കിട്ടുന്ന എന്തും അതിനുള്ള ആയുധമാകുന്നു. രണ്ടു മിശ്രവിവാഹങ്ങളെ ചൊല്ലിയാണ് അവരിപ്പോൾ രാജ്യത്തെ മൂന്നു നഗരങ്ങളിൽ സംഘർഷം വളർത്തിക്കൊണ്ടിരിക്കുന്നത്. മൂന്നിടത്തു മാത്രമാണാരംഭമെങ്കിലും അതിന്റെ ഫലം മറ്റിടങ്ങളിലേക്ക് വ്യാപിക്കാൻ ഏറെ സമയമൊന്നും വേണ്ട.

കുറച്ചുനാൾ മുമ്പ് ഭോപാൽ നഗരത്തിൽ പ്രിയങ്ക എന്ന ഹിന്ദു യുവതിയും ഉമർ എന്ന് പേരുള്ള മുസ്‌ലിം യുവാവും തമ്മിൽ പ്രേമബദ്ധരായി. ഇരുവരും വീടുവിട്ടുപോയി കോടതി മുഖേന വിവാഹിതരായി മുംബൈയിൽ ചെന്ന് താമസമാക്കി. പ്രിയങ്കയുടെ കുടുംബം മകളെ തിരികെ കിട്ടാൻ കോടതിയെ സമീപിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് കേസ് നടന്നുവരുന്നു. അതിനിടയിൽ വി.എച്ച്.പി-ബജ്റംഗ്ദൾ പ്രവർത്തകർ അതിനെ 'മുസ്‌ലിംകൾ ഹിന്ദു സ്ത്രീകളെ തട്ടിക്കൊണ്ടുപോകുന്ന' മഹാപ്രശ്നമാക്കി വളർത്തിയെടുത്തു. പ്രതിഷേധ പ്രകടനങ്ങൾ മുറക്ക് അരങ്ങേറിക്കൊണ്ടിരുന്നു. ഈ കോലാഹലം കത്തിനിൽക്കുമ്പോഴാണ് ഗുജറാത്തിലെ സൂറത്ത് നഗരത്തിലും സമാനമായ സംഭവമുണ്ടായത്. അബ്ദുൽഖാദിർ നാൽബൻദ് എന്ന യുവാവും ഖുശി അഗർവാൾ എന്ന യുവതിയും തമ്മിൽ ഇന്റർനെറ്റിലൂടെ ഉടലെടുത്ത സൗഹൃദം അനുരാഗമായി വളരുകയും ഒടുവിൽ ദമ്പതികളായി ജീവിക്കാമെന്ന ഉറച്ച തീരുമാനത്തിലെത്തുകയുമായിരുന്നു. ഇരുവരും വീട് വിട്ടോടി ചേക്കേറിയത് മുംബൈയിൽ തന്നെ. ഭോപാലിലെ സംഘർഷം സൂറത്തിലേക്കും ഇതര ഗുജറാത്തി പട്ടണങ്ങളിലേക്കും വ്യാപിക്കാൻ ഒട്ടും താമസമുണ്ടായില്ല. ഗുജറാത്തിലെ പ്രകടനങ്ങൾ സർക്കാറിനെയും കോടതിയെയും വെല്ലുവിളിച്ചുകൊണ്ട് കൂടുതൽ തീവ്രവും ഭീഷണവുമാണ്. രണ്ടു ദമ്പതികളും ചേക്കേറിയത് മുംബൈയിലായതുകൊണ്ട് വി.എച്ച്.പി പ്രതിഷേധം അങ്ങോട്ടും വ്യാപിച്ചിരിക്കുകയാണ്.

രണ്ടുവിവാഹങ്ങൾക്കും പ്രാദേശിക ദൃശ്യ-അച്ചടി മാധ്യമങ്ങൾ നൽകിയ അമിത പ്രാധാന്യം വി.എച്ച്.പിക്ക് സംഘർഷം വളർത്താൻ സഹായകമാവുകയാണുണ്ടായത്. പക്ഷേ, ഉമർ-പ്രിയങ്കാ ദമ്പതികളും അബ്ദുൽഖാദിർ-ഖുശി ദമ്പതികളും മുംബൈയിൽ സംരക്ഷണം തേടിയത് മാധ്യമങ്ങളോടായിരുന്നു. അതുകൊണ്ടാവാം മുംബൈയിലെ മാധ്യമങ്ങളും വി.എച്ച്.പിയുടെ രോഷത്തിനിരയായി. സ്റ്റാർ ന്യൂസിന്റെ ഓഫീസ് അവർ അക്രമിച്ചു. അത് സംഭവത്തിന് ഒരു ക്രമസമാധാന പ്രശ്നത്തിന്റെ മാനവും കൂടി നൽകിയിരിക്കുന്നു.

ഈ രണ്ടു വിവാഹങ്ങളിലും യാദൃഛികമായ ചില സമാനതകളുണ്ട്. രണ്ടിലും പുരുഷന്മാർ മുസ്‌ലിംകളും സ്ത്രീകൾ സിന്ധികുടുംബങ്ങളിൽനിന്നുള്ളവരുമാണ്. ആർ.എസ്.എസ്, വി.എച്ച്.പി സംഘടനകൾക്ക് ഏറ്റം സ്വാധീനമുള്ള ജാതിഹിന്ദുക്കളാണ് സിന്ധികൾ. രണ്ടു ദമ്പതികളും അഭയം കണ്ടെത്തിയത് മുംബൈയിലാണ്. ഇന്ത്യയുടെ വ്യാപാര തലസ്ഥാനമെന്നപോലെ വർഗീയതയുടെയും ഭീകരതയുടെയും ശിവസേനയുടെയും കൂടി തലസ്ഥാനമാണല്ലോ മുംബൈ.

സംഘ് പരിവാറിന്റെ പ്രകോപനപരമായ പ്രതിഷേധങ്ങളോട്, ദൈവാനുഗ്രഹത്താൽ മുസ്‌ലിം സമുദായം ഇതുവരെ അതേ രീതിയിൽ പ്രതികരിച്ചിട്ടില്ല. ഖുശി അഗർവാളുമായുള്ള വിവാഹം നടന്ന ഉടൻ തന്നെ അബ്ദുൽഖാദിർ നാൽബൻദ് ഹിന്ദുമതം സ്വീകരിച്ചുവെന്ന് ഒരു മുസ്‌ലിം സംഘടന പ്രസ്താവിച്ചതായി റിപ്പോർട്ടുണ്ട്. എന്നാൽ മുസ്‌ലിം സ്ത്രീകളെ ഹിന്ദുവാക്കി വിവാഹം ചെയ്യുന്ന ഹിന്ദു യുവാക്കൾക്ക് ഏതോ ഹിന്ദുസംഘടന പാരിതോഷികം പ്രഖ്യാപിച്ചതായാണ് മറുവശത്തുനിന്നുവന്ന റിപ്പോർട്ട്. ഈ രീതിയിൽ കരണങ്ങളും പ്രതികരണങ്ങളും തുടർന്നു പോയാൽ പ്രശ്നം ഭയാനകമായ പതനത്തിലാണ് ചെന്നെത്തുക. ബന്ധപ്പെട്ട സംസ്ഥാന ഗവൺമെന്റുകളും കേന്ദ്രവും സ്ഥിതിഗതികൾ സഗൗരവം പരിഗണിക്കേണ്ടതാണ്. ഇപ്പോഴത്തെ പ്രകടനങ്ങൾ ഏകപക്ഷീയമായതുകൊണ്ട് വെറും കോലാഹലമായി തോന്നാം. മറുപക്ഷത്തെ കളത്തിലിറക്കാനുള്ള കളിയാണത്. അവർ കൂടി ഇറങ്ങിക്കഴിഞ്ഞാൽ പിന്നെ കാര്യങ്ങൾ കൈവിട്ടുപോകും. മുസ്‌ലിം സമുദായവും ഏറെ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. അവരുടെ അനവധാനമായ നടപടികൾ മാത്രമല്ല, അനാവശ്യമായ പ്രസ്താവനകളും അവകാശവാദങ്ങളും വരെ ആപത്തുകൾ ക്ഷണിച്ചുവരുത്താം. ■